# ശോഭ ഡെവലപ്പേഴ്സിന് അവാർഡ്

കൊച്ചി

ബിസിനസ് ഇന്ത്യ എക്സിബിഷന്റെ സെലിബ്രേഷൻ ഒഫ് ആർക്കിടെക്ചർ ബെസ്റ്റ് ബിസിനസ് ഡെവലപ്പ്മെന്റ് അവാർഡ് രാജ്യത്തെ ഏറ്റവും വലിയ റിയൽറ്റി കമ്പനികളിലൊന്നായ ശോഭ ഡെവലപ്പേഴ്സിന്. ബംഗളുരുവിൽ ഇൻഫോസിസിനു വേണ്ടി നിർമിച്ച 10ലക്ഷം ചതുരശ്ര അടിയിലധികം വിസ്തീർണമുള്ള കെട്ടിടമാണ് ഈ അവാർഡ് ശോഭ ഗ്രൂപ്പിനു നേടിക്കൊടുത്തത്.

പുരസ്കാരം കമ്പനിയുടെ ഡിസൈൻ ആൻഡ് എൻജിനിയറിഗ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദേവദാസ് മുന്ദ്ര ഏറ്റുവാങ്ങി. ഇൻസൈഡ് ഔട്ട്സൈഡ് മാഗസിനുമായി ചേർന്നാണു സെലിബ്രേഷൻ ഒഫ് ആർക്കിടെക്ചർ അവാർഡ് നൽകുന്നത്.